XI. വ്യക്തിപരമായ വിശദീകരണം

ശ്രീ. എ. കെ. മണി: സർ, ഈ സഭയിലെ ബഹുമാനപ്പെട്ട അംഗം ശ്രീ. സി. പി. ബാലൻവൈദ്യർ എനിക്ക് എതിരായി ചില പരാമർശങ്ങം നടത്തിയതായി അറിഞ്ഞു. അത് ഞാൻ സഭയിൽ ഇല്ലാതിരുന്നപ്പോഴാണ്. മൂന്നാറിലുണ്ടായ സംഭവം ഈ സംസ്ഥാനത്തെ എല്ലാവരേയും വേദനിപ്പിച്ച ഒരു സംഭവമാണ്. കഴിഞ്ഞ 16-ാം തീയതി മുതൽ ഇന്ന് (19-3-1996) വരെ ഇതിനുവേണ്ടി പോലീസ് ഉദ്യോഗസ്ഥൻമാരോട് ബന്ധപ്പെട്ട് ഈ കുട്ടിക്കുവേണ്ടി ഞാൻ സഹായം ചെയ്തിട്ടുള്ളതാണ്. ഇവിടെ സത്യം മറച്ചുവച്ചുകൊണ്ട് ശ്രീ. ബാലൻവൈദ്യർ എനിക്ക് എതിരായി നടത്തിയ പ്രസംഗം ശരിയായില്ല. ഇതുമായി ബന്ധപ്പെട്ട് എം. ജി. യൂണിവേഴ്സിറ്റി മുൻ ചെയർമാനായിരുന്ന ശ്രീ. ചെറിയാന്റെ കാര്യവും പറഞ്ഞു. എനിക്ക് പറയാനുള്ളത് വ്യക്തികളെ തേജോവധം ചെയ്യുന്നത് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ലെന്നാണ്. അതുകൊണ്ട് എന്റെ പേരിലുള്ള പരാമർശം രേഖയിൽ കാണാൻ പാടില്ല. അതുപോലെ വ്യക്തികളുടെ പേരിൽ ഇത്തരം കാര്യങ്ങം ഉന്നയിക്കുന്ന പ്രവണത ഇനി മേലിൽ എങ്കിലും തുടരാതിരിക്കണം. ഇന്ന് സഭ പിരിയാൻ പോകുകയാണ്. മറ്റുള്ള ആളുകളെ വേദനിപ്പിക്കുന്ന പരാമർശങ്ങം നടത്താതിരിക്കണമെന്ന നിർദ്ദേശം ചെയറിൽനിന്ന് ഉണ്ടാകണം.

വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും—(തുടർച്ച)

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): സർ, ആവർത്തനവിരസമാണ് എന്നതിനാൽ ചെയർ സദയം ക്ഷമിക്കണം. ഇവിടെ പറയാൻ പോകുന്നത് ഈ നിയമസഭയുടെ കാലയളവിൽത്തന്നെ മറുപടി പറഞ്ഞ കാര്യങ്ങളാണ്. എങ്കിലും എന്റെ സുഹൃത്ത് ശ്രീ. പ്രകാശ് ബാബു പറഞ്ഞതിനു ഞാൻ മറുപടി പറയുകയാണ്. ഇലക്ട്രിസിറ്റി ബോർഡ് 9 മീറ്റർ പോംസ് (Poles) സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ കൊടുത്ത കാര്യത്തിൽ ഭീമമായ അഴിമതി നടന്നതായി ആരോപണം വന്നു. അതിനെക്കുറിച്ച് വസ്തുനിഷ്ഠമായി ഞാൻ മറുപടി പറഞ്ഞതാണ്. വീണ്ടും ആരോപണം വന്നതുകൊണ്ട് പറയുകയാണ്. വാസുദേവൻ നായർ എന്ന കോൺട്രാക്ടർ 840 രൂപയ്ക്ക് 9 മീറ്റർ പോം കാസ്റ്റ് ചെയ്യാൻ തയ്യാറാണെന്നു പറഞ്ഞത് ശരിയാണ്. അഞ്ചു വർഷത്തേയ്ക്ക് 12,000 പോം കാസ്റ്റ് ചെയ്യുന്നതിനാണ് 840 രൂപയ്ക്ക് ഈ കോൺട്രാക്ടർ തയ്യാറായത്. ഒരു മാസം 200 എണ്ണം മാത്രമേ തരികയുള്ളൂ; അങ്ങനെ അഞ്ചു വർഷത്തേയ്ക്ക് 12,000 എണ്ണം. അഞ്ചു വർഷക്കാലം നീണ്ടുനിൽക്കുന്ന ദീർഘകാല കരാറാണ്. മൂലധന നിക്ഷേപം ഇതിൽ ആവശ്യമില്ല. കാരണം സ്ഥലം, യന്ത്രസാമഗ്രികം തുടങ്ങി പോം കാസ്റ്റിംഗിന് ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും ബോർഡ് നൽകുന്നു. സിമൻറും, സ്റ്റീലും ബോർഡ് സൗജന്യ നിരക്കിൽ നൽകുന്നു. അതും തൃശ്ശൂരിലെ യാർഡിൽതന്നെ. ഒരു തൂണിന് 840 രൂപയുള്ളതാണ്. പി.ഡബ്ല്യു.ഡി. ഷെഡ്യൂം റേറ്റ് മാറുന്നതനുസരിച്ച് വിലയിലും മാറ്റം വരുന്നു. കോൺട്രാക്ടർ ദീർഘ കാലാടിസ്ഥാനത്തിലുള്ളതായതുകൊണ്ട് ജോലിക്കാരെ സ്ഥിരമായി കിട്ടുന്നു. ഓവർടൈം ആവശ്യമില്ല, 1400 രൂപയ്ക്ക് പോം കൊടുക്കാൻ തീരുമാനിച്ചത് 5 മാസത്തേയ്ക്കാണ്. ഇത് വാർക്കുന്നതിനുവേണ്ട മൂലധനം കോൺട്രാക്ടർ കൊണ്ടുവരണം; അയാൾക്ക് ഇലക്ട്രിസിറ്റി

LIBRARY ARCHIVES Kerala Legislative Assembly